**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഇരുവഴിഞ്ഞിപ്പുഴയിലെ നീർനായ ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുൻകാലങ്ങളിൽ നിരുപദ്രവകാരികളായിരുന്ന നീർനായകൾ ഇപ്പോൾ ജനങ്ങളെ ആക്രമിക്കുന്നതിന്റെ ശാസ്ത്രീയ കാരണം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നീർനായകൾ ചിലത് മുൻകാലങ്ങളിലും ഉപദ്രവകാരികളായിരുന്നു. ഇവ ആക്രമിക്കുന്നതിന്റെ കാരണം ശാസ്ത്രീയമായി കണ്ടെത്തിയിട്ടില്ല. |
| (ബി) | ഇരുവഴിഞ്ഞിപ്പുഴയിൽ ഇവയുടെ ആധിക്യവും ജനങ്ങളെ ആക്രമിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്നു വ്യക്തമാക്കുമോ? | (സി) | നീർനായയുടെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ അവയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുകയും അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി ഓഫീസറുടെ നേതൃത്വത്തിൽ ആർ.ആർ.ടി ജീവനക്കാർ നിരീക്ഷണവും പരിശോധനയും നടത്തുകയും റെസ്ക്യൂവർമാരെ സ്ഥലത്ത് പ്രത്യേകം നിരീക്ഷണത്തിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുഴകളിൽ അറവ് മാലിന്യം തള്ളുന്നത് നിയന്ത്രിക്കുന്നതിനും തടയുന്നതിനും പ്രധാനപ്പെട്ട കുളിക്കടവുകളിൽ ലോഹനെറ്റുകൾ സ്ഥാപിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നുണ്ട്. ജനപ്രതിനിധികളെയും നാട്ടുകാരേയും കണ്ട് സുരക്ഷാ നടപടികളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്. നീർനായയുടെ കടിയേറ്റവരുടെ അപേക്ഷകളിന്മേൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം വിതരണം ചെയ്യുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ